# 2010 -ലെ കേരള പോലീസ് ബിൽ സംബന്ധിച്ച സെലക്ട് കമ്മിറ്റി തയ്യാറാക്കിയ ചോദ്യാവലി

കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിലനിന്നിരുന്ന പോലീസ് സമ്പ്രദായങ്ങൾ 1960-ലെ കേരള പോലീസ് ആക്ട് പ്രകാരം ഏകികരിക്കുകയുണ്ടായി. പ്രസ്തുത ആക്ട് വസ്തുതാപരമായി 1861-ലെ ഇന്ത്യൻ പോലീസ് ആക്ടിന് സമാനമായിരുന്നു. അതിന്റെ ഘടനയാകട്ടെ സ്വാതന്ത്ര്യം അനുഭവിക്കാൻ കഴിയാത്ത പൗരന്മാരുടെ സമൂഹത്തെ ലക്ഷ്യമാക്കിയുള്ളതായിരുന്നു. ജനാധിപത്യത്തിന്റെ വരവ് പോലീസിന്റെ പ്രവർത്തന ശൈലിക്ക് മാറ്റം വരുത്തി. തുടർന്ന് പോലീസ് പരിഷ്കരണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിശോധിക്കുന്നതിനായി വിവിധ സംസ്ഥാനങ്ങളും കേന്ദ്രവും നിരവധി കമ്മീഷനുകളെയും കമ്മിറ്റികളെയും നിയമിക്കുകയുണ്ടായി.

ബഹുമാനപ്പെട്ട സുപ്രീം കോടതി ,ദേശീയ മനുഷ്യാവകാശ കമ്മീഷൻ, സോളി സൊറാബ്ജി കമ്മിറ്റി, പോലീസ് റിസർച്ച് ആന്റ് ഡെവലപ്പ്മെന്റ് ബ്യൂറോ എന്നിവയോടെല്ലാം ഇത് സംബന്ധിച്ച് അവരുടെ അഭിപ്രായം ഫയൽ ചെയ്യാൻ ആവശ്യപ്പെടുകയുണ്ടായി. ഇതിന്റെ വെളിച്ചത്തിൽ 1960-ലെ പോലീസ് ആക്ടിനു പകരം പുതിയ ഒരു ആക്ട് കൊണ്ടുവരുന്നതിലേക്കായി സർക്കാർ നിയമിച്ച ശ്രീ. ജേക്കബ്ബ് പുന്നൂസ് ഐ.പി.എസ്. ചെയർമാനായിട്ടുള്ള പോലീസ് ആക്ട് റിവ്യൂ കമ്മിറ്റി 2010-ലെ കരട് പോലീസ് ബിൽ സമർപ്പിക്കുകയുണ്ടായി.

2010-ലെ കേരള പോലീസ് ബിൽ 2010 മാർച്ച് 31-ാം തീയതി കേരള നിയമസഭയിൽ അവതരിപ്പിക്കുകയും അന്നുതന്നെ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു. പ്രസ്തുത ബില്ലിന്റെ ഉദ്ദേശശുദ്ധി പൂർണ്ണതയിലെത്തിക്കാനും പ്രവർത്തനക്ഷമമാക്കുവാനും സംഘടനകളുടെയും നിയമ വിദഗ്ധരുടെയും, അഭിഭാഷകരുടെയും, പൊതുജനങ്ങളുടെയും അഭിപ്രായങ്ങൾ തേടുവാൻ സമിതി ആഗ്രഹിക്കുന്നു. അതിനായി തയ്യാറാക്കിയിട്ടുള്ള ഒരു ചോദ്യാവലിയാണിത്.

പോലീസ് സേനയെ ശാക്തീകരിക്കുന്നതിനും അവരിൽ നിക്ഷിപ്ത മായ അധികാരം ദുവർവിനിയോഗം ചെയ്യുന്നില്ലെന്ന് ഉറപ്പു വരുത്തുന്നതിനും വസ്തുനിഷ്ഠപരമായ ഉത്തരങ്ങൾ പ്രതീക്ഷിക്കുന്നു.

1. 3-4 വകുപ്പുകളിൽ പോലീസിന്റെ കർത്തവ്യങ്ങളും ചുമതലകളുമാണ് നിഷ്കർഷിച്ചിട്ടുള്ളത്. ഈ കർത്തവ്യങ്ങളിലും ചുമതലകളിലും എന്തെങ്കിലും മാറ്റങ്ങളോ കൂട്ടിച്ചേർക്കലുകളോ വ്യക്തതയോ ആവശ്യ മാണ് എന്ന് നിങ്ങൾ കരുതുന്നുണ്ടോ. ഉണ്ടെങ്കിൽ എന്ത് ?

2. 6–ാം വകുപ്പ് പോലീസ് സ്റ്റേഷനുകളിൽ തക്കതായ സൗകര്യങ്ങൾ ഏർപ്പെടുത്താൻ സർക്കാരിന് ഉത്തരവാദിത്വം ഏൽപ്പിക്കുന്ന ഒന്നാണ്. ഈ വകുപ്പിൽ എന്തെങ്കിലും ഭേദഗതികളോ കൂട്ടിച്ചേർക്കലോ ആവശ്യ മാണോ ?

3. 8–ാം വകുപ്പിൽ പോലീസ് സ്റ്റേഷനിൽ പൊതുജനങ്ങൾക്കുള്ള അവകാ ശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇത് പര്യാപ്തമാണോ ? അല്ലെങ്കിൽ എന്തെല്ലാം ഭേദഗതികൾ ആണ് വേണ്ടത് ?

4. 9–ാം വകുപ്പ് പ്രകാരം കസ്റ്റഡിയിൽ ഉള്ള വ്യക്തികൾക്ക് ഭക്ഷണം, വെള്ളം, മറ്റ് പ്രാഥമിക ആവശ്യങ്ങൾ എന്നിവയ്ക്കുള്ള ചിലവിനായി ഒരു അവിദഗ്ദ്ധ തൊഴിലാളികൾക്ക് തൽസമയം നിലവിലുള്ള ഏറ്റവും കുറഞ്ഞ ദിവസവേതനത്തിന്റെ പകുതി നിരക്കിൽ കസ്റ്റഡിയിൽ ഉള്ള കാലയളവിലേക്ക് ഒരു തുക ഓരോ പോലീസ് സ്റ്റേഷനും സർക്കാർ നൽകേണ്ടതാണ്. മറ്റ് നിർദ്ദേശങ്ങൾ എന്തെങ്കിലും ഇക്കാര്യത്തിൽ മുന്നോട്ട് വെയ്ക്കുവാൻ ഉണ്ടോ ?

5. 13-ാം വകുപ്പ് പ്രകാരം സ്റ്റേഷൻ ഡയറിയും കസ്റ്റഡി സൗകര്യവും പരിശോധിക്കുവാനുള്ള അധികാരം സംസ്ഥാനം മനുഷ്യാവകാശ കമ്മീഷൻ, സംസ്ഥാന വനിതാ കമ്മീഷൻ, സംസ്ഥാന / ജില്ലാ പോലീസ് കംപ്ലയിൻസ് അതോറിറ്റി എന്നിവയുടെ ചെയർ പേഴ്സണർമാർക്കും അംഗങ്ങൾക്കും അല്ലെങ്കിൽ അവർ നിയോഗിക്കുന്ന ഉദ്യോഗസ്ഥർക്കും കൊടുത്തിട്ടുള്ളതാണ്. ഇതിൽ എന്തെങ്കിലും ഭേദഗതികൾ നിർദ്ദേശിക്കുവാൻ ഉണ്ടോ ?

6. 24, 25 എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാന സുരക്ഷ കമ്മീഷന്റെ ഘടനയും ചുമതലകളും നിഷ്കർഷിക്കുന്നു. ഈ വകുപ്പുകളിൽ എന്തെങ്കിലും ഭേദഗതികൾ നിർദ്ദേശിക്കാൻ ഉണ്ടോ ?

7. 26-ാം വകുപ്പിൽ പോലീസ് പ്രവർത്തനം വിലയിരുത്തുന്നതിനുള്ള സംസ്ഥാന സുരക്ഷാ കമ്മീഷന്റെ രീതിയും ഓരോ യൂണിറ്റുകളും ശാഖകളും ഓരോ സാമ്പത്തിക വർഷവും കൈവരിക്കേണ്ട കർത്തവ്യ നിർവ്വഹണ നിലവാരത്തെക്കുറിച്ചും പരാമർശിക്കുന്നു. ഇതിൽ എന്തെങ്കിലും ഭേദഗതികൾ നിർദ്ദേശിക്കാനുണ്ടോ ?

8. 29-ാം വകുപ്പ് ജനങ്ങളോടുള്ള പോലിസിന്റെ പെരുമാറ്റം എങ്ങനെ ആയിരിക്കണമെന്ന് നിഷ്കർഷിക്കുന്നു. ഇവ പര്യാപ്തമാണോ ? ഇതിൽ കൂട്ടിച്ചേർക്കലുകളോ ഭേദഗഗതികളോ വരുത്തുവാനുണ്ടോ ?

9. 31-ാം വകുപ്പ് പ്രകരാം പോലീസ്, വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കുവാൻ ബാദ്ധ്യസ്ഥരും പത്രങ്ങളിലോ മറ്റ് ദൃശ്യ മാധ്യമങ്ങളിലോ പ്രസിദ്ധീകരിക്കുന്നതിന് കസ്റ്റഡിയിലുള്ള പ്രതികളെ പരേഡ് നടത്തുവാനോ അവരുടെ ഫോട്ടോ എടുക്കുവാനോ പാടുള്ളതല്ല. ഈ വകുപ്പിനോട് നിങ്ങൾ യോജിക്കുന്നുവോ ? ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

10. 32-ാം വകുപ്പ് പ്രകാരം ഏതൊരു ആളിനും, പോലിസ് നടപടിയുടെ ഫലമായിട്ട് തന്റെ ശരീരത്തിനെയോ, സ്വത്തിനെയോ കീർത്തിയെയോ പ്രതികൂലമായി ബാധിക്കപ്പെട്ടാൽ പ്രസ്തുത നടപടിയുടെ കാരണം അറിയുന്നതിന് അവകാശം നൽകുകയും അതിന്റെ രിതിയെക്കുറിച്ചും പരാമർശിക്കുകയും ചെയ്യുന്നു. ഇതിൽ ഭേദഗതികൾ നിർദ്ദേശിക്കുവാനുണ്ടോ ?

11. 33-ാം വകുപ്പ് പോലീസ് നടപടിയുടെ ഓഡിയോ, വീഡിയോ, ഡിജിറ്റൽ റിക്കോഡുകൾ ഉണ്ടാക്കുവാനും സൂക്ഷിക്കുവാനും ഏതൊരു നടപടി ക്രമത്തിലും ഉപയോഗപ്പെടുത്തുവാനും പോലിസിനെ അധികാരപ്പെടുത്തുന്നതും അതുപോലെ തന്നെ പൊതുജനങ്ങൾക്ക് ഈ അധികാരം നൽകുന്നതുമാണ്. ഇതിൽ ഭേദഗതികൾ നിർദ്ദേശിക്കുവാനുണ്ടോ ?

12. 34-ാം വകുപ്പ് പോലീസിന് പരാതി നൽകുന്ന രീതിയെക്കുറിച്ച് പരാമർശിക്കുന്നു. ഈ വകുപ്പിൽ കൂട്ടിച്ചേർക്കലുകളോ ഭേദഗതികളോ ആവശ്യമുണ്ടോ ?

13. 35-ാം വകുപ്പ് സാക്ഷികൾക്ക് നൽകേണ്ട പരിഗണനയും അതുപോലെ തന്നെ ഏതെങ്കിലും ദിവസം തന്റെ വേതനം നഷ്ടമാകുന്ന തരത്തിലുള്ള അസൗകര്യം ഉണ്ടാകുകയാണെങ്കിൽ അയാൾക്ക് ക്രിമിനൽ മിസ്സലേനിയസ് എക്സ്പെൻസ് ഫണ്ടിൽ നിന്നും നൽകേണ്ട തുകയെക്കുറിച്ചും പറയുന്നു. ഈ വകുപ്പിൽ എന്തെങ്കിലും ഭേദഗതികൾ നിർദ്ദേശിക്കുവാനുണ്ടോ ?

14. 36-ാം വകുപ്പ് ഒരു പോലീസ് ഉദ്യോഗസ്ഥനെ ഏതൊരു വ്യക്തിയുടെയും തിരിച്ചറിയലിനുള്ള വ്യക്തി വിവരങ്ങൾ ആവശ്യപ്പെടാൻ അധികാരപ്പെടുത്തുന്നു. ഈ വകുപ്പിൽ എന്തെങ്കിലും മാറ്റം വരുത്തേണ്ടതുണ്ടോ ?

15. 37-ാം വകുപ്പ് സ്വകാര്യ സ്ഥലങ്ങളിൽ നിയന്ത്രണങ്ങൾക്ക് വിധേയ മായി പോലീസിന് പ്രവേകനാനുമതി നൽകുന്നുണ്ട്. ഈ വകുപ്പിൽ കൂട്ടിച്ചേർക്കലുകളോ ഭേദഗതികളോ നിർദ്ദേശിക്കുവാനുണ്ടോ ?

16. 38-ാം വകുപ്പ് കുറ്റകൃത്യം തടയുന്നതിന് പോലീസ് ഉദ്യോഗസ്ഥന് ഇട പെടാനുള്ള അധികാരവും ഉത്തരവാദിത്വവും നൽകുന്നു. കൂടാതെ അത്തരം സാഹചര്യങ്ങളിൽ തന്നെ സഹായിക്കുന്നതിന് ഏതൊരു കായ ശക്തിയുള്ള പ്രായപൂർത്തിയായ പുരുഷന്റെ സേവനം ആവശ്യ പ്പെടാനും സ്വീകരിക്കുവാനും അധികാരപ്പെടുത്തുന്നു. ഈ വകുപ്പിൽ എന്തെങ്കിലും മാറ്റം വരുത്തേണ്ടതുണ്ടോ ?

17. 39-ാം വകുപ്പ് പോലീസ് ഉദ്യോഗസ്ഥന് തന്റെ ചുമതലകൾ നിർവ്വഹി ക്കുന്നതിന് ന്യായമായ നിർദ്ദേശങ്ങൾ ആളുകൾക്ക് നല്കുവാൻ അധി കാരപ്പെടുത്തുന്നു. ഈ വകുപ്പിൽ മറ്റ് എന്തെങ്കിലും മാനദണ്ഡങ്ങൾ നിർദ്ദേശിക്കുവാൻ ഉണ്ടോ ?

18. 40-ാം വകുപ്പ് പൊതു സ്ഥലത്ത് പോലീസിന്റെ ന്യായമായ നിർദ്ദേശ ങ്ങൾക്ക് വിപരിതമായി പ്രവർത്തിക്കുന്ന വ്യക്തികളെ നീക്കം ചെയ്യുവാ നുള്ള അധികാരം നൽകുന്നു. ഈ വകുപ്പിൽ ഭേദഗതികൾ നിർദ്ദേശി ക്കുവാനുണ്ടോ ?

19. 41-ാം വകുപ്പിൽ പ്രത്യേക അധികാരപ്പെടുത്തൽ അവശ്യമുള്ള കുറ്റകൃ ത്യങ്ങളുടെ അന്വേഷണത്തിൽ പ്രസ്തുത അധികാരം ഇല്ലാത്ത പോലീസ് ഉദ്യോഗസ്ഥർ സ്വീകരിക്കേണ്ട നടപടി ക്രമം നിഷ്കർഷിക്കു ന്നു. ഈ വകുപ്പിൽ ഭേദഗതികൾ വരുത്തേണ്ടതുണ്ടോ ?

20. 45-ാം വകുപ്പ് ഗുരുതരമായിട്ടുള്ള പ്രശ്നങ്ങൾ നിലവിലുള്ള പ്രദേശങ്ങ ളിൽ പോലിസിന് പ്രത്യേക അധികാരങ്ങൾ നൽകുന്നുണ്ട്. ഈ വകു പ്പിനോട് നിങ്ങൾ യോജിക്കുന്നുവോ ? ഇല്ലെങ്കിൽ എന്തെങ്കിലും മാറ്റ ങ്ങൾ നിർദ്ദേശിക്കുവാനുണ്ടോ ?

21. 46-ാം വകുപ്പ് പോലീസ് അറസ്റ്റ് ചെയ്യുമ്പോൾ സ്വീകരിക്കേണ്ട നടപടി ക്രമം നിഷ്കർഷിക്കുന്നു. 47-ാം വകുപ്പ് അറസ്റ്റ് ചെയ്യപ്പെട്ടവരുടെ മേലുള്ള നിയന്ത്രണങ്ങളും 48 മുതൽ 51 വരെയുള്ള വകുപ്പുകളിൽ പോലീസ് കസ്റ്റഡിയിൽ ഉള്ള വ്യക്തികളെയും പ്രതികളെയും സംബന്ധിച്ച് സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചും പരാമർശിക്കുന്നു. ഈ വകുപ്പുകളിൽ എന്തെങ്കിലും ഭേദഗതികൾ നിർദ്ദേശിക്കുവാനുണ്ടോ ?

22. 56, 57 വകുപ്പുകൾ പോലീസ് പിടിച്ചെടുത്ത വസ്തുക്കളുടെയും അവകാശി ഇല്ലാത്ത വസ്തുക്കളെയും സംബന്ധിച്ചുള്ള ഫോലീസ് നടപടി ക്രമത്തെക്കുറിച്ചും പാരമർശിക്കുന്നു. ഈ വകുപ്പുകളിൽ കൂട്ടിച്ചേർക്കലികളോ മാറ്റങ്ങളോ വരുത്തേണ്ടതുണ്ടോ ?

23. 58-ാം വകുപ്പ് പ്രകാരം കാണാതായ ആളുകളെ പോലീസ് കണ്ടു പിടിക്കുവാൻ ശ്രമിക്കുമ്പോൾ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് പറയുന്നു. ഈ വകുപ്പിൽ മാറ്റങ്ങൾ നിർദ്ദേശിക്കുവാനുണ്ടോ ?

24. 59-ാം വകുപ്പ് പ്രകാരം കാണാതാകുന്ന സാധനങ്ങളെ സംബന്ധിച്ച് പോലിസ് സ്റ്റേഷനിൽ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ഈ വകുപ്പ് ഭേദഗതി ചെയ്യേണ്ടതുണ്ടോ ?

25. 60-ാം വകുപ്പ് പ്രകാരം കുറ്റ കൃത്യങ്ങളിൽ ഉൾപ്പെട്ടിട്ടില്ല എന്നുള്ള സർട്ടിഫിക്കറ്റ് പോലീസിന് കൊടുക്കാവുന്നതാണ്. ഈ വകുപ്പിനോട് യോജിക്കുന്നുണ്ടോ ? ഇല്ലെങ്കിൽ വരുത്തേണ്ട മാറ്റങ്ങൾ എന്തെല്ലാം ?

26. 63-ാം വകുപ്പിൽ വ്യക്തികൾക്കും സ്വകാര്യ സ്ഥാപനങ്ങൾക്കും ചില പ്രത്യേക സാഹചര്യങ്ങളിൽ സുരക്ഷ നൽകുവാൻ പോലീസിനെ അധികാരപ്പെടുത്തുകയും അതിന്റെ രീതി പരാമർശിക്കുകയും ചെയ്യുന്നു. ഈ വകുപ്പിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തേണ്ടതുണ്ട് ?

27. 64-ാം വകുപ്പിൽ പോലീസിന് നേരിട്ട് എടുക്കാവുന്ന (കൊഗ്നൈസബിൾ) കുറ്റകൃത്യങ്ങളിൽ കലാശിക്കാവുന്ന തർക്കങ്ങളിൽ സ്വീകരിക്കേണ്ട പോലീസ് നടപടിയെക്കുറിച്ച് പ്രതിപാദിക്കുന്നു. ഈ വകുപ്പിനെക്കുറിച്ച് നിങ്ങളുടെ അഭിപ്രായം എന്ത് ?

28. 65, 66 വകുപ്പുകളിൽ കമ്മ്യൂണിറ്റി പോലീസിംഗ്, ബീറ്റ് പോലീസ് സേവനം എന്നിവയെക്കുറിച്ച് പരാമർശിക്കുന്നു. ഇവയ്ക്ക് നിയമസാധുതയും, പരിരക്ഷയും നൽകുന്ന ഈ വകുപ്പുകളിൽ വരുത്തേണ്ട മാറ്റങ്ങൾ എന്തെങ്കിലും ഉണ്ടോ ?

29. 68-ാം വകുപ്പിൽ ലഹളകളോ മറ്റു ഗുരുതരമായിട്ടുള്ള സമാധാന ഭംഗങ്ങളോ തടയുന്നതിന് കെട്ടിടങ്ങളും പരിസരങ്ങളും ഏറ്റെടുക്കാൻ അധികാരം നൽകുന്നു. ഇതിൽ മാറ്റങ്ങൾ വരുത്തേണ്ടതുണ്ടോ ? ഉണ്ടെങ്കിൽ എന്ത് ?

30. 69, 70 വകുപ്പുകളിൽ അപകടങ്ങൾ, ദുരന്തങ്ങൾ, അഗ്നിബാധ എന്നിവ കൈകാര്യം ചെയ്യുന്ന സമയത്ത് പോലീസിന് നൽകുന്ന അധികാരങ്ങളും ഉത്തരവാദിത്വങ്ങളും ഉൾക്കൊള്ളുന്നു. ഇവയിൽ എന്തെങ്കിലും ഭേദഗതികൾ വരുത്തേണ്ടതുണ്ടോ?

31. 73-ാം വകുപ്പ് ട്രാഫിക് നിയന്ത്രിക്കുവാനും ക്രമീകരിക്കുവാനും പോലീസിന് അധികാരം നല്കുന്നു. ഈ അധികാരങ്ങളിൽ എന്തെങ്കിലും ഭേദഗതികൾ നിർദ്ദേശിക്കുവാനുണ്ടോ ?

32. 77-ാം വകുപ്പിൽ ഏതെങ്കിലു് പൊതുസ്ഥലം താല്കാലികമായി പൊതു ആവശ്യത്തിന് മാറ്റി വെയ്ക്കാനും നിബന്ധനകൾ ഏർപ്പെടുത്താനും പോലീസിനെ അധികാരപ്പെടുത്തുന്നു. ഈ വകുപ്പിൽ എന്തെങ്കിലും മാറ്റങ്ങൾ നിർദ്ദേശിക്കുവാനുണ്ടോ ?

33. 78, 79, 80 വകുപ്പുകളിൽ ശബ്ദ ശല്യം നിയന്ത്രിക്കുവാനും, തടയുവാനും ഉള്ള നിബന്ധനകൾ ഏർപ്പെടുത്തുവാനും, പൊതു സമ്മേളനങ്ങൾ നിയന്ത്രിക്കുവാനും പോലീസിന് അധികാരങ്ങൾ നൽകുന്നു. ഈ വകുപ്പുകളിൽ ഭേദഗതികൾ നിർദ്ദേശിക്കുവാനുണ്ടോ ? ഉണ്ടെങ്കിൽ എന്ത് ?

34. 83-ാം വകുപ്പിൽ ചില പ്രത്യേക സാഹചര്യങ്ങളിൽ സർക്കാരിന്റെയോ, ജില്ലാ മജിസ്ട്രേറ്റിന്റെയോ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അവശ്യ സേവനങ്ങൾ നൽകാൻ നിയോഗിക്കപ്പെടുന്ന ആളുകൾ പ്രസ്തുത സേവനം നൽകുവാൻ ബാദ്ധ്യസ്ഥരാണ്. ഈ വകുപ്പിനോട് നിങ്ങൾ യോജിക്കുന്നുവോ ? ഇല്ലെങ്കിൽ വരുത്തേണ്ട മാറ്റങ്ങൾ എന്തെല്ലാം ?

35. 84-ാം വകുപ്പിൽ താല്കാലികമോ ശാശ്വതമോ ആയ പ്രത്യേക സുരക്ഷാ മേഖലകളെക്കുറിച്ചും അവിടെ ബാധകമായിട്ടുള്ള നിയന്ത്രണങ്ങളെക്കുറിച്ചും പരാമർശിക്കുന്നു. ഈ വകുപ്പിൽ വരുത്തേണ്ട ഭേദഗതികൾ എന്തെല്ലാം ?

36. 87-ാം വകുപ്പ് പോലീസ് ഉദ്യോഗസ്ഥനായി നിയമനം നിഷേധിക്കുവാനുള്ള അയോഗ്യതകളെക്കുറിച്ച് പരാമർശിക്കുന്നു. ഇവ പര്യാപ്തമാണോ ? അല്ലെങ്കിൽ വരുത്തേണ്ട ഭേദഗതികൾ എന്തെല്ലാം ?

37. 95-ാം വകുപ്പിൽ അധിക ജോലി ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് നൽകേണ്ട പ്രതിഫലത്തിന്റെ മാനദണ്ഡങ്ങൾ നിഷ്കർഷിക്കുന്നു. ഇതിൽ എന്തെങ്കിലും കൂട്ടിച്ചേർക്കലുകളോ മാറ്റങ്ങളോ വരുത്തേണ്ടതുണ്ടോ ? ഉണ്ടെങ്കിൽ എന്ത് ?

38. 98-ാം വകുപ്പിൽ ഡി.ജി.പി., റെയ്ഞ്ച് ഐ.ജി.പി. മാർ, ജില്ലാ എസ്.പി. മാർ, സ്റ്റേഷൻ ഹൗസ് ഓഫീസർമാർ എന്നിവർക്കുള്ള ഏറ്റവും കുറഞ്ഞ ഉദ്യോഗകാലാവധി ഉറപ്പാക്കുകയും അതിനു മുൻപ് സ്ഥലം

മാറ്റണമെങ്കിൽ പാലിക്കപ്പെടേണ്ട ചട്ടങ്ങളെക്കുറിച്ചും പരാമർശിക്കുന്നു. ഇതിൽ മാറ്റങ്ങൾ വരുത്തേണ്ടതുണ്ടോ ?

39. 99-ാം വകുപ്പിൽ സ്പെഷ്യൽ പോലീസ് ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനും അവരുടെ സേവന വ്യവസ്ഥകളും അധികാരങ്ങളും നിഷ്ക്കർഷിക്കുന്നു. ഈ വകുപ്പിൽ ഭേദഗതികൾ നിർദ്ദേശിക്കുവാൻ ഉണ്ടോ ? ഉണ്ടെങ്കിൽ എന്ത് ?

40. 106-ാം വകുപ്പിൽ പോലീസ് സേനയുടെ ക്ഷേമകാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള വെൽഫയർ ബ്യൂറോയുടെ ഉത്തരവാദിത്വങ്ങളെക്കുറിച്ചും അംഗങ്ങളെക്കുറിച്ചും മറ്റ് നടപടി ക്രമങ്ങളെക്കുറിച്ചും പരാമർശിക്കുന്നു. ഈ വകുപ്പിൽ വരുത്തേണ്ട മാറ്റങ്ങൾ എന്ത് ?

41. 107-ാം വകുപ്പിൽ പോലീസ് എസ്റ്റാബ്ലിഷ്മെന്റ് ബോർഡിന്റെ ഘടനയും 108-ാം വകുപ്പിൽ പ്രസ്തുത ബോർഡിന്റെ കർത്തവ്യങ്ങളും നിഷ്കർഷിക്കുന്നു. ഈ വകുപ്പുകളിൽ ഭേദഗതികൾ നിർദ്ദേശിക്കുവാൻ ഉണ്ടോ ? ഉണ്ടെങ്കിൽ എന്ത് ?

42. 110-ാം വകുപ്പ് പ്രകാരം എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും ഇൻഷുറൻസ് പരിരക്ഷയും, ബത്തകളും, ചികിത്സാ സൗകര്യങ്ങളും സർക്കാർ നൽകുവാൻ ബാദ്ധ്യസ്ഥരാണ്. ഈ വകുപ്പിൽ മാറ്റങ്ങൾ വരുത്തേണ്ടതുണ്ടോ ? ഉണ്ടെങ്കിൽ എന്ത് ?

43. 111-ാം വകുപ്പ് പ്രകാരം നിയന്ത്രണങ്ങൾക്ക് വിധേയമായി പോലീസ് അസോസിയേഷനുകൾ രൂപികരിക്കുന്നതിന് സർക്കാരിന് അനുമതി നൽകാവുന്നതാണ്. ഈ വകുപ്പിനെ സംബന്ധിച്ച് എന്തെങ്കിലും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുവാനുണ്ടോ ? ഉണ്ടെങ്കിൽ എന്ത് ?

44. 112-ാം വകുപ്പിൽ പോലിസ് കംപ്ലയിന്റ്സ് അതോറിറ്റിയുടെ ഘടനയും കർത്തവ്യങ്ങളും, അധികാരങ്ങളും, സേനവ വ്യവസ്ഥകളും

നിഷ്കർഷിക്കുന്നു. ഈ വകുപ്പിൽ ഭേദഗതികൾ നിർദ്ദേശിക്കുവാനുണ്ടോ ? ഉണ്ടെങ്കിൽ എന്ത് ?

45. 114-ാം വകുപ്പു പ്രകാരം പോലീസിന് എതിരെയുള്ള പരാതികൾ ജനപ്രതിനിധികൾക്ക് പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിക്ക് നൽകാവുന്നതും പ്രസ്തുത അതോറിറ്റിയുടെ അന്വേഷണത്തിന്റെ ഫലം പ്രസ്തുത ജനപ്രതിനിധിയെ അറിയിക്കേണ്ടതുമാണ്. ഈ വകുപ്പിൽ ഭേദഗതികൾ വരുത്തേണ്ടതുണ്ടോ ? ഉണ്ടെങ്കിൽ എന്ത് ?

46. 120-ാം വകുപ്പിൽ നിയമാനുസൃതമല്ലാതെ പോലീസ് നടത്തുന്ന അറസ്റ്റ്, പരിശോധന, പിടിച്ചെടുക്കൽ, അക്രമം എന്നിവയ്ക്ക് പോലീസ് ഉദ്യോഗസ്ഥർക്ക് എതിരെ എടുക്കാവുന്ന ക്രിമിനൽ നടപടിയും അതിന്റെ ശിക്ഷയെക്കുറിച്ചും പരാമർശിക്കുന്നു. ഈ വകുപ്പിൽ മാറ്റങ്ങൾ വരുത്തേണ്ടതുണ്ടോ ? ഉണ്ടെങ്കിൽ എന്ത് ?

47. 121-ാം വകുപ്പിൽ പോലീസിന്റെ ചുമതലകളിൽ നിന്നും പിൻതിരിപ്പിക്കാൻ പ്രേരിപ്പിക്കുക പോലീസിനെ ഭീഷണിപ്പെടുത്തുക, ഉപദ്രവിക്കുക എന്നിങ്ങനെയുള്ള കുറ്റകൃത്യങ്ങളിൽ ഇടപെടുന്നതിനുള്ള ശിക്ഷ നിഷ്കർഷിക്കുകയും പ്രസ്തുത കുറ്റ കൃത്യത്തിന് നിർവ്വചനം നൽകുയും ചെയ്യുന്നു. ഈ വകുപ്പിൽ ഭേദഗതികൾ വരുത്തേണ്ടതുണ്ടോ ? ഉണ്ടെങ്കിൽ എന്ത് ?

48. 122-ാം വകുപ്പിൽ ഗുരുതരമായ ക്രമസമാധാന ലംഘനമുണ്ടാക്കുകയോ, പൊതുസ്ഥലത്ത് ലഹരി പിടിച്ച അവസ്ഥയിൽ ലഹള ഉണ്ടാക്കുകയോ, മനപൂർവ്വം പൊതുജനങ്ങൾക്ക് ഇടയിൽ പരിഭ്രാന്തി പരത്തുകയോ തുടങ്ങിയ അനവധി കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നതിനുള്ള ശിക്ഷ നിഷ്കർഷിക്കുകയും പ്രസ്തുത കുറ്റകൃത്യത്തിന് നിർവ്വചനം നൽകുകയും ചെയ്യുന്നു. ഈ വകുപ്പിൽ ഭേദഗതികൾ വരുത്തേണ്ടതുണ്ടോ ? ഉണ്ടെങ്കിൽ എന്ത് ?

49. 123-ാം വകുപ്പിൽ ശല്യം ഉണ്ടാക്കൽ, ക്രമസമാധാന ലംഘനം എന്നിവയ്ക്കുള്ള ശിക്ഷ നിഷ്കർഷിക്കുകയും പ്രസ്തുത കുറ്റകൃത്യത്തിന് നിർവ്വചനം നൽകുകയും ചെയ്യുന്നു. ഈ വകുപ്പിൽ മാറ്റങ്ങൾ വരുത്തേണ്ടതുണ്ടോ ? ഉണ്ടെങ്കിൽ എന്ത് ?

50. 130-ാം വകുപ്പിൽ ഈ ആക്റ്റിന്റെ കീഴിലുള്ള പോലീസിന് നേരിട്ട് എടുക്കാവുന്നതല്ലാത്ത (നോൺ കൊഗനൈസബിൾ) എല്ലാ കുറ്റങ്ങളും കുറ്റാരോപിതന്റെ അപേക്ഷയിൻ മേൽ സ്റ്റേഷൻ ഹൗസ് ഓഫീസർക്കും 121 ഉം 122 ഉം വകുപ്പുകളിലെ കുറ്റകൃത്യങ്ങൾ ജില്ലാ പോലീസ് മേധാവിക്കും നിബന്ധനകൾക്ക് അനുസൃതമായിട്ട് രാജിയാക്കാനുള്ള അധികാരം നല്കുന്നു. ഈ വകുപ്പിൽ ഭേദഗതികൾ നിർദ്ദേശിക്കുവാൻ ഉണ്ടോ ? ഉണ്ടെങ്കിൽ എന്ത് ?

51. 131-ാം വകുപ്പിൽ ക്രിമിനൽ ജസ്റ്റിസ് മിസ്സേല്ലേനിയസ് എക്സ്പെൻസ് ഫണ്ടിന്റെ രൂപവൽക്കരണവും അതിന്റെ സ്രോതസ്സും അത് ചെലവഴിക്കാൻ അംഗീകാരമുള്ള സാഹചര്യങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്നു. ഈ വകുപ്പ് പര്യാപ്തമാണോ ? അല്ലെങ്കിൽ എത്ത് ഭേദഗതികളാണ് മുന്നോട്ട് വെയ്ക്കുവാനുള്ളത് ?

52. ഇതിൽ പരാമർശിക്കാത്ത ഏതെങ്കിലും വകുപ്പുകളെക്കുറിച്ച് എന്തെങ്കിലും ഭേദഗതികൾ നിർദ്ദേശിക്കാനുണ്ടോ ? എങ്കിൽ എന്തൊക്കെ ? കൂടാതെ പുതുതായി ഏതെങ്കിലും വകുപ്പുകൾ കൂട്ടിച്ചേർക്കേണ്ടതുണ്ടോ ?

## <u>കുറിപ്പ്</u>

1. ബില്ലിന്റെ പകർപ്പ് നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നും നേരിട്ടോ നിയമസഭാ വെബ്സൈറ്റ് (www.niyamasabha.org) എന്നിവ മുഖേനയും ലഭ്യമാണ്.

2. ഉത്തരങ്ങൾ 2010 ജൂൺ 22-ാം തീയതിക്കോ അതിനു മുൻപോ ചെയർമാൻ, സെലക്ട് കമ്മിറ്റി, 2010-ലെ കേരള പോലിസ് ബിൽ, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

പി.ഡി. രാജൻ,<br>
സെക്രട്ടറി,<br>
കേരള നിയമസഭ.

തിരുവനന്തപുരം,<br>
11-5-2010

HA/Fcb 1a/Leg